ഉത്തരം

(എ, ബി, സി, ഡി) പരിശോധിക്കുന്നതാണ്.

"അട്ടപ്പാടി താലൂക്ക്"

1247. [1700] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി, ഷോളയൂർ, പുതൂർ, കള്ളമല, പാടവയൽ, കോട്ടത്തറ എന്നീ ആറു വില്ലേജുകൾക്കുംകൂടി എത്ര ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്;

(ബി) ഈ വില്ലേജുകൾ ഉൾപ്പെടുത്തി അട്ടപ്പാടി താലൂക്ക് രൂപീകരിക്കാനാവശ്യമായ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പുതുതായി താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പീരുമേട് താലൂക്ക് ആഫീസിന് വാഹനം

1248. [1701] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് താലൂക്കാഫീസിന് സ്വന്തമായി പുതിയ വാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

എല്ലാ താലൂക്കുകൾക്കും ഘട്ടങ്ങളായി വാഹനം നൽകുവാനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്പോൾ വാഹനങ്ങളില്ലാത്ത എല്ലാ താലൂക്കുകൾക്കും വാഹനം നൽകുന്ന കാര്യം ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

സബ്കളക്ടറുടെ കാർ മുട്ടി അപകടം സംഭവിച്ചവർ

1249. [1704] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സബ് കളക്ടർ ഉപയോഗിക്കുന്ന കെ. ഇ. വി. 1737 എന്ന കാർ മുട്ടി ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആർക്കെങ്കിലും അപകടം നേരിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(സി) ഇതു മൂലം എത്ര പേർക്ക് ജീവഹാനി നേരിട്ടു ;

(ഡി) അപകടത്തിൽപ്പെട്ട ആർക്കെങ്കിലും ഇനിയും നഷ്ടപരിഹാരം കൊടുക്കാനുണ്ടോ ;

(ഇ) ഈ കാറിന്റെ ഡ്രൈവർക്കെതിരെ അശ്രദ്ധമായ ഡ്രൈവിംഗിനും അമിത വേഗതയ്ക്കും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സബ്കളക്ടറുടെ കെ. ഇ. വി. 1737 എന്ന കാർ തട്ടി ആർക്കും അപകടം സംഭവിച്ചതായി അറിവില്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

കെട്ടിട വാടക നിയന്ത്രണ നിയമമനുസരിച്ചുള്ള കേസുകൾ

1250. [1705] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമം അനുസരിച്ച് റെൻറ് കൺട്രോൾ കോടതികളിലും മറ്റും കോടതികളിലുമായി എത്ര കേസ് നിലവിലുണ്ട്. ഒന്നു വ്യക്തമാക്കുമോ ;

(ബി) അടിയന്തിര പരിഹാരം കാണേണ്ടതായ വാടകക്കാരന്റെ എമിനിറ്റീസ് നിഷേധിക്കപ്പെട്ടതിനെതിരായുള്ള എത്ര കേസുകൾ അക്കാമിഡേഷൻ കൺട്രോളർമാരുടെ മുമ്പാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസുകളിൽ വളരെ നാളായതിനുശേഷമാണ് തീരുമാനമുണ്ടാകണമെന്ന് കണക്കിലെടുത്ത് പുതിയ തസ്തികകൾ ഉണ്ടാക്കി നിയമനങ്ങൾ നടത്തി വേഗത്തിൽ തീരുമാനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വാടകക്കാരുടെ അവശതകൾ പഠിച്ച റിപ്പോർട്ട് ചെയ്യുന്നതിനായ 5788 എൽ 2/80 നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് റവന്യൂ ബോർഡി സെക്രട്ടറി കൺവീനറായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതെന്നാണ് സർക്കാരിനു കിട്ടിയതെന്ന് വ്യക്തമാക്കാമോ ?

(എഫ്) ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ അതു പ്രസിദ്ധീകരിക്കാമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ജി. ഒ. (ആർ. ടി) 865/81 പി. ഡബ്ലിയു. തീയതി 19-5-1981 പ്രകാരം സർക്കാർ നിയമിച്ച ഔദ്യോഗിക കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് കിട്ടിയിട്ടുണ്ട്.

(ഇ) 22-12-1981.

(എഫ്) ഇല്ല.

(ജി) പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly